**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന തൃശ്ശൂർ ചെറുതുരുത്തി കേരള കലാമണ്ഡലത്തിലെ ഡ്രൈവർ ആയ ശ്രീ. ശിവദാസൻ എസ്.-ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1276/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 07.05.2018.

================================================================

പരാമർശം:- 1. ജി.ഒ.(ആർ.റ്റി) 1474/2017/തസ്വഭവ, തീയതി 08.05.2017.
2. കേരള കലാമണ്ഡലം രജിസ്ട്രാറുടെ 11.01.2018-ലെ കെ.കെ.എം.ഡി.യു/സി/749/2016 നമ്പർ കത്ത്.
3. 06.03.2018-ലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ സം.തി.ക./182/2018-എ 1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡ്രൈവർ തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച വരുന്ന, തൃശ്ശൂർ ചെറുതുരുത്തി കേരള കലാമണ്ഡലത്തിലെ ഡ്രൈവർ ആയ ശ്രീ. ശിവദാസൻ എസ്.-ന് പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച അന്യത്ര സേവന കാലാവധി 11.05.2018-ന് അവസാനിക്കുന്നതിനാൽ 12.05.2018 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം (3)-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. ശിവദാസൻ എസ്-ന്റെ അന്യത്ര സേവന കാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 12.05.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് വകുപ്പിന് ആക്ഷേപമില്ല എന്ന് കേരള കലാമണ്ഡലം രജിസ്ട്രാർ പരാമർശം (2) ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന തൃശ്ശൂർ ചെറുതുരുത്തി കേരള കലാമണ്ഡലത്തിലെ ഡ്രൈവർ ആയ ശ്രീ. ശിവദാസൻ എസ്.-ന്റെ അന്യത്ര സേവന കാലാവധി നിലവിലെ

വ്യവസ്ഥകൾക്ക് വിധേയമായി 12.05.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി ജെ ഷുക്കൂർ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീ. ശിവദാസൻ എസ്., ഡ്രൈവർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

(സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി മുഖാന്തിരം)

രജിസ്ട്രാർ, കേരള കലാമണ്ഡലം, ചെറുതുരുത്തി, തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ